റിബേറ്റ് ഇനത്തിൽ കുടിശ്ശിക

98(2086) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് അറിയിക്കാമോ ;

(ബി) റിബേറ്റ് അടക്കമുള്ള തുക നൽകാത്തതിനാൽ ഇത്തരം സംഘങ്ങൾ അടച്ച് പൂട്ടൽ ഭീഷണിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ). 2013-14 സാമ്പത്തിക വർഷം വരെയുള്ള വിവിധ കാലയളവുകളിലായി ഹാന്റക്സ്, ഹാൻവീവ്, സംസ്ഥാനത്തെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ എന്നിവ 12,49,25,839 രൂപയുടെ റിബേറ്റ് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്പിന്നിംഗ് മേഖലയിലെ പ്രതിസന്ധി

99(2087) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പിന്നിംഗ് വ്യവസായം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) സ്പിന്നിംഗ് മില്ലുകളിൽ ഉപയോഗിക്കുന്ന സാങ്കേതികവിദ്യയും ഉപകരണ സാമഗ്രികളും പലതും കാലഹരണപ്പെട്ടതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം മില്ലുകളുടെ നവീകരണത്തിനും ഈ മില്ലുകളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. ടെക്സ്റ്റൈൽ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് 2012-13 കാലയളവിൽ പുനരുദ്ധാരണ സ്പെഷ്യൽ പാക്കേജായി 60 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ ടെക്സ്റ്റൈൽ മില്ലുകൾക്ക് 2792.50 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനമൂലധനത്തിനുള്ള മാർജിൻ മണിയായി സഹകരണ മില്ലുകൾക്ക് ആകെ 1364 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ ബാക്കി തുകയായ 8.28 കോടി രൂപ പ്രവർത്തന മൂലധനമായി 2013-14 കാലയളവിൽ ടെക്സ്ഫെഡിന്റെ മെമ്പർ മില്ലുകളായ കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മാൽകോടെക്സ്, മലപ്പുറം, കണ്ണൂർ, പ്രിയദർശിനി എന്നീ സ്പിന്നിംഗ് മില്ലുകൾക്ക് നൽകിയിട്ടുണ്ട്. സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിന്റെ ഭാഗമായി 2013-14 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന് ടേൺ എറൗണ്ട് പ്രൊപ്പോസലിന് 320 ലക്ഷം രൂപയും മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസിന് 100 ലക്ഷം രൂപയും കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന് 180 ലക്ഷം രൂപയും മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന് 292.43 ലക്ഷം രൂപയും കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് നവീകരണത്തിനുവേണ്ടി 436 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിന്റെ ഭാഗമായി 7 കോടി രൂപ അനുവദിച്ചതിൽ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് 150 ലക്ഷം രൂപയും ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന് 100 ലക്ഷം രൂപയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന് 150 ലക്ഷം രൂപയും മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന് 200 ലക്ഷം രൂപയും കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന് 100 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ തന്നെ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന് 75.01 ലക്ഷം രൂപയും മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന് 160.95 ലക്ഷം രൂപയും കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് 61.15 ലക്ഷം രൂപയും ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന് 80.25 ലക്ഷം രൂപയും തൃശ്ശൂർ മില്ലിന് 106.17 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളുടെ പ്രവർത്തനത്തിനായി താഴെപ്പറയും പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്:

1	സി.സി.പി.സി. മുഖേന പരുത്തി വാങ്ങുന്നതിന്	2628.50 ലക്ഷം
2	റിപ്പയർ ആന്റ് മെയിന്റനൻസ് ജോലികൾക്കായി	491.72 "
	ആകെ	3120.22 "

(ബി) ഉണ്ട്.

(സി) കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന് നവീകരണ പദ്ധതിയുടെ ഭാഗമായി 2078.95 ലക്ഷം രൂപയുടെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുകയും 2009-12 കാലയളവിൽ മില്ലിന് മൊത്തം 1080.90 ലക്ഷം രൂപ സർക്കാർ ഓഹരി പങ്കാളിത്തമായും അംഗങ്ങളുടെ വിഹിതമായും വായ്പാ വിഹിതമായും നൽകുകയുണ്ടായി. കൂടാതെ 2013-14 കാലയളവിൽ 250 ലക്ഷം രൂപ കോസ്റ്റ് എസ്കലേഷന്റെ ഭാഗമായി നൽകിയിട്ടുണ്ട്. 2014-15-ൽ വകയിരുത്തിയിരുന്ന തുകയായ 300 ലക്ഷം രൂപയും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 2015-16-ൽ 469.10 ലക്ഷം രൂപയും മില്ലിനായി വകയിരുത്തിയിട്ടുണ്ട്.

മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പദ്ധതിക്കുള്ള 2413.93 ലക്ഷം രൂപയുടെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ടിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 2009-12 കാലയളവിൽ മൊത്തം 1112.09 ലക്ഷം രൂപ സർക്കാർ ഓഹരി മൂലധനം, അംഗങ്ങളുടെ വിഹിതം, വായ്പാ വിഹിതം എന്നിവയായും മില്ലിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ 2013-14-ൽ പ്രോജക്ട് എസ്കലേഷന്റെ ഭാഗമായി 250 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. 2014-15-ൽ വകയിരുത്തിയ 300 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 2015-16-ൽ 577.91 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിനായുള്ള 2997.78 ലക്ഷം രൂപയുടെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ടിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും 2011-12 കാലയളവിൽ 150 ലക്ഷം രൂപ ആധുനികവത്ക്കരണത്തിനായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 ബഡ്ജറ്റിൽ ആധുനികവത്ക്കരണത്തിനായി 98 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2015-16 വാർഷിക ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പദ്ധതിയുടെ 57.39 കോടി രൂപയുടെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ടിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 2014-15 ബഡ്ജറ്റിൽ ആധുനികവത്ക്കരണത്തിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2015-16 വാർഷിക ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനശേഷി പന്ത്രണ്ടായിരം സ്പിന്റിൽനിന്നും ഇരുപത്തിഅയ്യായിരം സ്പിന്റലായി ഉയർത്തുന്നതിനായി മില്ലിന്റെ 33.94 കോടി രൂപയുടെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ടിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും 2011-12 കാലയളവിൽ 150 ലക്ഷം രൂപ ആധുനികവത്ക്കരണത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. 2014-15 ബഡ്ജറ്റിൽ ആധുനികവത്ക്കരണത്തിനായി 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2015-16 വാർഷിക ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ വികസന പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. 2013-14 കാലയളവിൽ ആധുനികവത്ക്കരണത്തിനായി 250 ലക്ഷം രൂപ അനുവദിച്ചു. 2014-15-ൽ പുതിയ മെഷിനറികൾ വാങ്ങുന്നതിലേക്കായി 200 ലക്ഷം രൂപയും കൂടാതെ 'റിജുവിനേഷൻ & റിവൈവൽ ഓഫ് വയബിൾ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ്' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2015-16 വാർഷിക ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ ടെക്നോളജി അപ്ഗ്രഡേഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുള്ള ഇകയായ 25.20 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ടിന് സർക്കാരിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-14, 2014-15 കാലയളവിൽ പ്രസ്തുത പദ്ധതിക്കായി യഥാക്രമം 350 ലക്ഷം രൂപയും 160 ലക്ഷം രൂപയും നൽകുകയുണ്ടായി. 2015-16-ൽ 275 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തൊഴിൽ സംരംഭകർക്ക് പലിശ സബ്സിഡി

100(2088) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും ലക്ഷ്യമിട്ട് പരമ്പരാഗത തൊഴിൽ മേഖലയിലെ സംരംഭകർക്ക് വായ്പകളിന്മേൽ പലിശ സബ്സിഡി നൽകുന്നതിനു 2014-15-ൽ പ്രഖ്യാപിച്ച പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതി മുഖേന സാമ്പത്തിക തൊഴിൽ അവസരങ്ങളിൽ കൈവരിക്കാനായ നേട്ടം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി നടപ്പിലായിട്ടില്ല.

(ബി) ബാധകമല്ല.

സ്വയംസംരംഭക വികസന മിഷൻ

101(2089) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly